# നോർക്ക ന്യൂസ്

ന്യൂസ് ലെറ്റർ

Follow us on

Government of Kerala

NORKA ROOTS

A Government of Kerala Undertaking

എന്നും പ്രവാസികൾക്കൊപ്പം

ഡിസംബർ 2023 • വാല്യം 01 • ലക്കം 12





## ഉന്നതവിദ്യാഭ്യാസത്തിന് സഹകരണം ഉറപ്പാക്കും: യു.എസ് കോൺസൽ ജനറൽ




കേരളത്തിൽ നിന്നും യു.എസ്സിലേയ്ക്ക് ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്നവർക്ക് ഉപകാരപ്രദമാകുംവിധം വിവരങ്ങൾ ലഭ്യമാക്കാനും അനുബന്ധ സഹകരണം ഉറപ്പാക്കാനുമുള്ള സാധ്യതകൾ പരിശോധിക്കുമെന്ന് ചെന്നൈയിലെ കോൺസൽ ജനറൽ ക്രിസ്റ്റഫർ ഡബ്ല്യു. ഹോഡ്ജസ് പറഞ്ഞു.

ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം നോർക്ക റൂട്ട്സ് ആസ്ഥാനമായ നോർക്ക സെന്റർ സന്ദർശിച്ച ശേഷം അറിയിച്ചതാണ് ഇക്കാര്യം.

പ്രതിനിധിസംഘത്തെ സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. നോർക്ക റൂട്ട്സിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു സന്ദർശനം.

പ്രതിനിധി സംഘവുമായി നടന്ന ചർച്ചയിൽ നോർക്ക വകുപ്പിനെ സംബന്ധിച്ചും ലോകത്തെമ്പാടുമുള്ള കേരളീയരായ പ്രവാസി സമൂഹത്തെകുറിച്ചും നോർക്ക റൂട്ട്സിനെ സംബന്ധിച്ചും ഹരികൃഷ്ണൻ നമ്പൂതിരി വിശദീകരിച്ചു. നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന വിവിധ പ്രവാസികേന്ദ്രീകൃതമായ പദ്ധതികൾ, സേവനങ്ങൾ, വിവിധ വിദേശരാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റുകൾ, ബിസ്സിനസ്സ് സംരംഭങ്ങൾ, ബിസ്സിനസ്സ് പങ്കാളിത്ത സാധ്യതകൾ എന്നിവയും ചർച്ചയ്ക്ക് വിഷയമായി.

രാഷ്ട്രീയ സാമ്പത്തികകാര്യ ഉദ്യോഗസ്ഥ വിർസ പെർകിൻസ്, രാഷ്ട്രീയകാര്യ വിദഗ്ദൻ പൊന്നൂസ് മാത്തൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ആരോഗ്യരംഗം ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിലായി കേരളത്തിലെ മനുഷ്യവിഭവ ശേഷിയുടെ സാധ്യതകളും ചർച്ച ചെയ്തു.

ഇതോടൊപ്പം ടൂറിസം ഉൾപ്പെടെ വിവിധ ബിസ്സിനസ്സ് ഇൻവെസ്റ്റ്മെന്റ് സാധ്യതകളും ടാലന്റ് മൊബിലിറ്റി സാധ്യതകളും ചർച്ചയ്ക്ക് വിഷയമായി.

## പ്രവാസി സംരംഭകത്വ പരിശീലനത്തിന് എറണാകുളത്ത് തുടക്കം





പ്രവാസി സംരംഭകർക്കായി നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബിസിനസ് എംപവർമെന്റ് പോഗ്രാമിന് എറണാകുളത്ത് തുടക്കമായി. പ്രമുഖ ചാർട്ടേഡ് അക്കൗണ്ടിങ് സ്ഥാപനമായ, കളമശ്ശേരിയിലെ വർമ്മ ആന്റ് വർമ്മയുടെ സഹകരണത്തോടെ Kerala Institute for Entrepreneurship Development (KIED) ക്യാമ്പസിലാണ് ആദ്യബാച്ചിന്റെ പരിശീലനം നടന്നത്. ദ്വിദിന പരിശീലന പരിപാടിയുടെ ഉദ്ഘാടനം നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി നിർവഹിച്ചു. വർമ്മ ആന്റ് വർമ്മ ജോയിന്റ് മാനേജിംഗ് പാർട്ടണർ വി. സത്യനാരായണൻ മുഖ്യാതിഥിയായി.

നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ മാനേജർ സുരേഷ് .കെ. വി സ്വാഗതവും , നോർക്ക റൂട്ട്സ് എറണാകുളം സെന്റർ മാനേജർ രജീഷ് കെ.ആർ നന്ദിയും പറഞ്ഞു.

നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ബി. ഷറഫുദ്ദീൻ, KIED അസിസ്റ്റന്റ് മാനേജർ റെജി ടി.എസ്, ശരത്ത് എന്നിവരും ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു.

എൻ.ബി.എഫ്.സിയുടെ സംരംഭകപരിശീലനത്തിൽ പങ്കെടുക്കുകയും പിന്നീട് നാട്ടിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്ത പ്രവാസികൾക്കായാണ് പരിശീലനം. 35 പ്രവാസി സംരംഭകർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. നിലവിൽ പ്രവർത്തിച്ച് വരുന്ന സംരംഭങ്ങൾ വിപുലീകരിക്കുന്നതിന് ഉതകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക , ധനകാര്യ മാനേജ്മെൻറ് മെച്ചപ്പെടുത്തുക, ഉപഭോക്താവിന്റെ അഭിരുചിക്ക് അനുസ്യൃതമായിട്ടുള്ള ബിസിനസ്സ് സംബന്ധിച്ചും, GST, Income tax എന്നിവ സംബന്ധിച്ചുമുള്ള അറിവ് നൽകുക തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പരിശീലനം. VARMA & VARMA യിൽ നിന്നുള്ള വിദഗ്ധരാണ് റസിഡൻഷ്യൽ പ്രോഗ്രാമിന് നേതൃത്വം നൽകിയത്.

# നോർക്ക - കാനഡ നഴ്സിങ് റിക്രൂട്ട്മെന്റ് : 81 പേർക്ക് ഓഫർ ലെറ്റർ





കേരളത്തിൽ നിന്നുള്ള നഴ്സുമാർക്ക് കാനഡയിലെ ന്യൂ ഫോണ്ട്‌ലൻഡ് & ലാബ്രഡോർ പ്രവിശ്യയിൽ അവസരമൊരുക്കി നവംബർ 27 മുതൽ ഡിസംബർ 04 വരെ കൊച്ചിയിൽ നോർക്ക റൂട്ട്സ് - കാനഡ റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. രണ്ടുദിവസം സ്പോട്ട് ഇന്റർവ്യൂവിനും അവസരമൊരുക്കിയിരുന്നു. അഭിമുഖങ്ങളിൽ പങ്കെടുത്തവരിൽ 81 ഉദ്യോഗാർത്ഥികൾക്ക് ഓഫർ ലെറ്റർ കൈമാറി.

ഇവർക്ക് കാനഡയിലെ ജീവിതരീതി. വീസ നടപടിക്രമങ്ങൾ, സംസ്കാരം എന്നീ കാര്യങ്ങളിൽ അവബോധമുണ്ടാക്കാനായി പ്രത്യേക ക്ലാസ്സും സംഘടിപ്പിച്ചു. കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ നടന്ന ഓൺലൈൻ അഭിമുഖങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട 43 നഴ്സുമാർക്കുള്ള അവബോധ ക്ലാസ്സും നടത്തിയിരുന്നു.

കാനഡ എമിഗ്രേഷൻ മന്ത്രാലയത്തിൽ നിന്നും രണ്ടും എൻ.എൽ ഹെൽത്ത് സർവ്വീസസിൽ നിന്നും ആറംഗങ്ങളും ഉൾപ്പെടെ എട്ടംഗ പ്രതിനിധിസംഘമാണ് അഭിമുഖങ്ങൾക്ക് നേതൃത്വം നൽകിയത്. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികളുടെ മേൽനോട്ടത്തിലായിരുന്നു നടപടിക്രമങ്ങൾ. NCLEX ( National Council Licensure Examination) യോഗ്യത നേടിയ നഴ്സുമാർക്ക് കാനഡയിൽ നിരവധി അവസരങ്ങൾ ഉണ്ടെന്ന് പ്രതിനിധിസംഘം വ്യക്തമാക്കി. ഈ പശ്ചാത്തലത്തിൽ സൗജന്യനിരക്കിൽ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ NCLEX പരിശീലനവും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ NICE അക്കാഡമിയുമായി ചേർന്നാണ് ക്ലാസ്സുകൾ നടത്തിയത്.

# NDPREM ലോൺ : നോർക്ക റൂട്ട്സും ബാങ്ക് ഓഫ് ബറോഡയും കൈകോർക്കുന്നു



തിരികെ യെത്തിയ പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന എൻഡിപി ആർഇ പദ്ധതിയുടെ നടത്തിപ്പിൽ ഒരു പുതിയ കാൽവയ്പ്പു കൂടി. നോർക്ക റൂട്ട്സും ബാങ്ക് ഓഫ് ബറോഡയും സംയുക്തമായി നടത്തുന്ന NDPREM ക്യാമ്പയിന് എറണാകുളത്ത് തുടക്കമായി. എറണാകുളം കോട്ടയം ജില്ലകളിലാണ് പദ്ധതിയ്ക്ക് ആരംഭം കുറിച്ചത്. എറണാകുളത്ത് നടന്ന ജില്ലാതല ഉദ്ഘാടനം നോർക്ക റൂട്ട്സ് റീജണൽ മാനേജർ രജീഷ് നിർവഹിച്ചു. കോട്ടയത്ത് നടന്ന പരിപാടി നോർക്ക റൂട്ട്സ് അസി മാനേജർ ജെൻസി ജോസി ഉദ്ഘാടനം ചെയ്തു. പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വയ്പാനുമതിപത്രം വിതരണം ചെയ്യുന്ന ചടങ്ങും ഇതോടൊപ്പം നടന്നു. ബാങ്ക് ബറോഡയിലേയും നോർക്ക റൂട്സിലേയും മറ്റ് പ്രതിനിധികളും പങ്കെടുത്തു.





നോർക്ക ന്യൂസ്
ന്യൂസ് ലെറ്റർ

Government of Kerala

NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം





# കാശ്മീർ വാഹനാപകടം : മാതൃകയായി നോർക്ക ഇടപെടൽ

കാശ്മീരിൽ വാഹനാപകടത്തിൽ മരിച്ചവരേയും ബന്ധുക്കളേയും നാട്ടിൽ എത്തിക്കുന്നിൽ സംസ്ഥാന സർക്കാരും നോർക്ക റൂട്ട്സും വഹിച്ച പങ്ക് ശ്രദ്ധേയമായി.

കശ്മീരിലുണ്ടായ വാഹനാപകടത്തെക്കുറിച്ച് വിവരം അറിഞ്ഞയുടൻ തന്നെ നോർക്ക പ്രത്യേക സംഘത്തെ അപകടസ്ഥലത്തേയ്ക്ക് അയച്ചിരുന്നു. കേരള ഹൗസിലെ നോർക്ക എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർ ഷാജിമോൻ, അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാരായ ജിതിൻ രാജ് റ്റി. ഒ, അനൂപ് വി. എന്നിവരാണ് ശ്രീനഗറിൽ നിന്നും യാത്ര സംഘത്തേ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾക്ക് നേതൃത്വം നൽകിയത്.

പാലക്കാട് ചിറ്റൂർ സ്വദേശികളായ അനിൽ, സുധീഷ് , രാഹുൽ, വിഘ്നേഷ് എന്നിവരുടെ മൃതദേഹങ്ങളാണ് നോർക്ക റൂട്ട്സ് വഴി നാട്ടിലെത്തിച്ചത്. വിനോദയാത്ര സംഘത്തിലുണ്ടായിരുന്ന രാജേഷ്, സുനിൽ ആർ, ശ്രീജേഷ്, അരുൺ പി. അജിത്ത്, സുജീവ് എന്നിവരേയും ഇതേ വിമാനത്തിൽ സൗജന്യനായി നാട്ടിലെത്തിച്ചു.

നോർക്ക എറണാകുളം ഓഫീസിലെ പ്രതിനിധകളും പുലർച്ചെ വിമാനത്താവളത്തിലെത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി കേരള ഹൗസിലെ അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ ജിതിൻ രാജ് റ്റി. ഒ സംഘത്തെ അനുഗമിച്ചു. തഹസിൽദാർ, കെ.എസ്.ഇ.ബി ബോർഡ് അംഗം അഡ്വ.വി.മുരുകദാസ് എന്നിവരുൾപ്പെടെയുള്ളവർ മൃതദേഹങ്ങൾ ഏറ്റുവാങ്ങാൻ കൊച്ചിയിലെത്തിയിരുന്നു.

തുടർന്ന് ബന്ധുക്കൾ മൃതദേഹം ഏറ്റുവാങ്ങി. പിന്നീട് നോർക്ക റൂട്ട്സ് ഏർപ്പാടാക്കിയ നാല് ആംബുലൻസുകളിലായി പുലർച്ചെയോടെ മൃതദേഹം ചിറ്റൂരിലേയ്ക്ക് കൊണ്ടുപോയി.

ചിറ്റൂരിലെത്തിച്ച മൃതദേഹങ്ങൾ ടെക്നിക്കൽ ഹൈസ്കൂളിൽ പൊതുദർശനത്തിനു വച്ചു. വൈദ്യുതിവകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉൾപ്പെടെ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയിരുന്നു.

തുടർന്ന് ചിറ്റൂർ പൊതുസ്മശാനത്തിലാണ് നാലു പേരുടേയും സംസ്ക്കാരചടങ്ങുകൾ നടന്നത്.

# നോർക്ക - കേരളബാങ്ക് ലോൺ മേള : അഞ്ചുകോടിയുടെ വായ്പയ്ക്ക് ശിപാർശ

കോട്ടയം ജില്ലയിലെ പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും കേരളബാങ്കും സംയുക്തമായി സംഘടിപ്പിച്ച വായ്പാനിർണ്ണയ ക്യാമ്പിൽ അഞ്ച് കോടിയോളം രൂപയുടെ നിക്ഷേപങ്ങൾക്ക് വായ്പാ ശിപാർശ നൽകി. 34 പ്രവാസിസംരംഭങ്ങൾക്കാണ് ഈ തുക അനുവദിക്കുക.ശാസ്ത്രി റോഡിലെ ദർശന ആഡിറ്റോറിയത്തിൽ നടന്ന മേള പൂഞ്ഞാർ എം.എൽ.എ സെബാസ്റ്റ്യൻ കളത്തുങ്കൽ ഉദ്ഘാടനം ചെയ്തു.

നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിപ്രകാരമാണ് വായ്പകൾ അനുവദിക്കുക. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് വായ്പാ ലഭ്യമാക്കും വനിതാസംരംഭകർ ഉൾപ്പെടെ 44 പ്രവാസികൾ ക്യാമ്പിൽ പങ്കെടുത്തു.

ഉദ്ഘാടനച്ചടങ്ങിൽ കേരളാബാങ്ക് ഡയറക്ടർ കെ.ജെ ഫിലിപ്പ് കുഴികുളം അധ്യക്ഷത വഹിച്ചു. കേരളാബാങ്കിൽ നിന്നും സി.ഇ.ഒ. പി.എസ് രാജൻ മുഖ്യപ്രഭാഷണവും, റീജിയണൽ ജനറൽ മാനേജർ ലീലാ പിള്ള നന്ദിയും അറിയിച്ചു. നോർക്ക റൂട്ട്സ് എറണാകുളം സെന്റർ മാനേജർ രജീഷ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി സംബന്ധിച്ച് വിശദീകരിച്ചു. നോർക്ക അസി. മാനേജർ ജെൻസി ജോസി, ഷിജി എന്നിവരും സംബന്ധിച്ചു.

നാട്ടിൽ തിരിച്ചെത്തിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിലോ സംരംഭങ്ങളോ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും (ഒരുലക്ഷം മുതൽ മുപ്പത് ലക്ഷം രൂപവരെയുള്ളവ) എൻ.ഡി.പി .ആർ.ഇ.എം പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് മൂലധന പലിശസബ്സിഡിയും നൽകിവരുന്നു. www.norkaroots.org/ndprem എന്ന വെബ്സൈറ്റ് ലിങ്ക് മുഖേന NDPREM പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.





# പുതിയ റിക്രൂട്ട്മെന്റ് സാധ്യതകൾ:

## ജർമ്മൻ എംബസി പ്രതിനിധി നോർക്ക റൂട്ട്സ് സന്ദർശിച്ചു



ന്യൂഡൽഹി ജർമ്മൻ എംബസിയിലെ സാമൂഹികവും തൊഴിൽ കാര്യങ്ങൾക്കുമായുള്ള കൗൺസിലർ മൈക്ക് ജെയ്ഗർ തിരുവനന്തപുരത്തെ നോർക്ക റൂട്ട്സ് ആസ്ഥാനത്ത് സന്ദർശനം നടത്തി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ഹരികൃഷ്ണൻ നമ്പൂതിരിയുമായും റിക്രൂട്ട്മെന്റ് പ്രതിനിധികളുമായും മൈക്ക് ജെയ്ഗർ ചർച്ച നടത്തി. ആരോഗ്യമേഖലയ്ക്കു പുറമേ കേരളത്തിൽ നിന്നും ജർമ്മനിയിലേയ്ക്കുള്ള പുതിയ റിക്രൂട്ട്മെന്റ് സാധ്യതകൾ സംബന്ധിച്ചായിരുന്നു ചർച്ച. കേരളത്തിൽ നിന്നുള്ള നഴ്സുമാരെ ജർമ്മനിയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്ന നോർക്ക ട്രിപ്പിൾ വിൻ പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ചും ചർച്ചയിൽ വിലയിരുത്തി.

കൂടുതൽ തൊഴിൽ മേഖലകളെ ഉൾപ്പെടുത്തി ട്രിപ്പിൾ വിൻ പദ്ധതിയിക്കു സമാനമായി കേരളത്തിൽ നിന്നും ജർമ്മനിയിലേയ്ക്കുള്ള റിക്രൂട്ട്മെന്റുകൾ സാധ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ പുരോഗതി ചർച്ചയിൽ വിലയിരുത്തി. ഐ.ടി പ്രൊഫഷണലുകൾക്കും, ഹോസ്പിറ്റാലിറ്റി മേഖലയിലേയ്ക്കുമുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ വേഗത്തിലാക്കാൻ ആവശ്യമായ നടപടികളും ചർച്ച ചെയ്തു. ഇക്കാര്യത്തിൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ജർമ്മനിയിലെ ഇന്ത്യൻ അംബാസിഡർക്കു കത്തു നൽകിയിട്ടുണ്ടെന്നും ഹരികൃഷ്ണൻ നമ്പൂതിരി ചൂണ്ടിക്കാട്ടി. ഇക്കാര്യം ജർമ്മൻ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ പെടുത്താമെന്നും റിക്രൂട്ട്മെന്റുകൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും ചർച്ചയിൽ ഉറപ്പു നൽകി. നേരത്തേ തിരുവനന്തപുരം തൈക്കാടുള്ള നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് സന്ദർശിച്ച മൈക്ക് ജെയ്ഗർ ജർമ്മൻ ഭാഷാപരിശീലന ക്ലാസ്സുകൾ നേരിട്ട് വിലയിരുത്തി. എൻ.ഐ.എഫ്.എല്ലിലെ വിദ്യാർത്ഥികളുമായും മൈക്ക് ജെയ്ഗറുടെ നേതൃത്വത്തിലുള്ള ജർമ്മൻ സംഘം സംവദിച്ചു. നോർക്ക റിക്രൂട്ട്മെന്റ് വിഭാഗത്തിൽ നിന്നും മാനേജർ ശ്യാം.ടി.കെ അസി.മാനേജർ രതീഷ്.ജി.ആർ എന്നിവരും സംബന്ധിച്ചു.




### പ്രവാസികൾക്കായി നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡുകൾ

ലോകത്തെമ്പാടുമുള്ള കേരളീയരായ പ്രവാസികളെ കണ്ടെത്താനും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടാനും ഉതകുന്നതിനാണ് ഐ.ഡി കാർഡ് സേവനങ്ങൾ.

1.പ്രവാസി ഐ.ഡി കാർഡ്
2.സ്റ്റുഡന്റ് ഐ.ഡി കാർഡ്
3.എൻ.ആ.കെ ഇൻഷുറൻസ് കാർഡ്
4.പ്രവാസി രക്ഷാ ഇൻഷുറൻസ്

വിദേശത്ത് ആറു മാസത്തിൽ കൂടുതൽ ജോലിചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 നും 70-നും ഇടയിൽ പ്രായമുള്ള പ്രവാസികൾക്ക് നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാം വിദേശത്ത് പഠനത്തിന് പോകുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് ഐ.ഡി കാർഡ് ലഭിക്കും. സേവനങ്ങൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും.

**ലളിതമായ നടപടിക്രമങ്ങൾ അംഗമാകാനും പുതുക്കാനും പണമടയ്ക്കാനും ഓൺലൈൻ സൗകര്യം.**

വിശദവിവരങ്ങൾക്ക്
0471 2770543, 0471 2770528 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ ടോൾ ഫ്രീ നമ്പർ - 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്)

വെബ് സൈറ്റ് - www.norkaroots.org

# വിദേശതൊഴിൽ കുടിയേറ്റം അംഗീകൃത ഏജൻസികൾ വഴിമാത്രം :

## ശ്യാചന്ദ്.സി (തിരു:പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്)





വിദേശതൊഴിൽ കുടിയേറ്റത്തിന് അംഗീകൃത ഏജൻസികളെ മാത്രമേ ആശ്രയിക്കാവൂ എന്ന് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ് (തിരുവനന്തപുരം) ശ്യാചന്ദ്.സി .ഐ .എഫ് .എസ് . അറിയിച്ചു. ലോക കുടിയേറ്റ ദിനത്തിന്റെ (World Migration Day) ഭാഗമായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് (NIFL) സംഘടിപ്പിച്ച ഏകദിന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദേശറിക്രൂട്ട്മെന്റിന് പരമാവധി 30,000 രൂപയുടെ ജി.എസ്.ടി യും മാത്രമേ അംഗീകൃത ഏജൻസികൾക്ക് ഈടാക്കാവൂ. എന്നാൽ നോർക്ക റൂട്ട്സ് പോലുള്ള സർക്കാർ ഏജൻസികൾ മാത്രമാണ് ഇത് പാലിക്കാറുള്ളതെന്നും ശ്യാചന്ദ് ചൂണ്ടിക്കാട്ടി. വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ, വിദേശത്ത് പാലിക്കേണ്ട അടിസ്ഥാന കാര്യങ്ങൾ, സംബന്ധിച്ചും അദ്ദേഹം വിശദീകരിച്ചു.

തിരുവനന്തപുരം തൈക്കാടുള്ള സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡവലപ്മെന്റ് (CMD) ഹാളിൽ ചേർന്ന പരിപാടിയിൽ നോർക്ക റൂട്ട്സ് ഹോം ഒതന്റിക്കേഷൻ ഓഫീസർ സുഷമാഭായ്.എസ് അധ്യക്ഷത വഹിച്ചു. എൻ.ഐ.എഫ്.എൽ പ്രോജക്ട് കൺസൽട്ടന്റ് ജൂബി സുമി മാത്യൂ സ്വാഗതം പറഞ്ഞു. കുടിയേറ്റത്തിന്റെ അനന്ത സാധ്യതകൾ സംബന്ധിച്ച് ശ ശ്രുതി രവീന്ദ്രൻ, ഗൾഫ് കുടിയേറ്റ വിഷയത്തിൽ സുമിത മേനോൻ, വിദേശഭാഷാ പഠനത്തെക്കുറിച്ച് സന്ദീപ്. പി സാന്ദ്ര ജോസഫ് എന്നിവരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. എൻ.ഐ.എഫ്.എല്ലിലെ വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കാനെത്തി. ലോകത്ത് വർദ്ധിച്ചുവരുന്ന കുടിയേറ്റം കണക്കിലെടുത്ത് 2000 ഡിസംബർ 4-നാണ് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി ഡിസംബർ 18 അന്താരാഷ്ട്ര കുടിയേറ്റ ദിനമായി പ്രഖ്യാപിച്ചത്. ആക്ട് ടുഡേ എന്നതാണ് ഇത്തവണത്തെ ആശയം.



NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala, No of copies 200, For free distribution, December 2023